# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 7373 17.7.2012 ന് മറുപടിയ്ക്ക്

**ദുരിതമനുഭവിക്കുന്ന കലാകാരൻമാരുടെ ക്ഷേമത്തിനായുള്ള ഭാഗ്യക്കുറി**

ചോദ്യം
ശ്രീ. ഇ. കെ . വിജയൻ

മറുപടി
ശ്രീ. കെ. സി. ജോസഫ്
ബഹു.ഗ്രാമവികസനവും ആസൂത്രണവും
സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി

| ചോദ്യം | മറുപടി |
|---|---|
| (എ) ദുരിതമനുഭവിക്കുന്ന കലാകാരൻമാരുടെ ക്ഷേമത്തിനായി സാംസ്കാരിക വകുപ്പ് ഭാഗ്യക്കുറി നടത്തിയ വകയിൽ എത്ര രൂപ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | എ) സാംസ്കാരിക ബമ്പർ ലോട്ടറിയിലൂടെ 7,57,17,000/- രൂപ പിരിഞ്ഞു കിട്ടി. ചെലവ് കിഴിച്ച് അറ്റാദായം 1,59,76,512/- രൂപയാണ്. |
| (ബി) പ്രസ്തുത തുക അവശത അനുഭവിക്കുന്ന കലാകാരൻമാർക്ക് പ്രയോജനപ്പെടാതെ കിടക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(സി) ഈ തുക ഉപയോഗിച്ച് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നത് ; വ്യക്തമാക്കുമോ | ബി) യും സി) യും<br>ലോട്ടറിയിലൂടെ സമാഹരിച്ച തുകയിൽനിന്നും 90 ലക്ഷം രൂപ കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധിയുടെ രൂപീകരണത്തിനും പ്രവർത്തനത്തിനുമായി നൽകിയിട്ടുണ്ട്. സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്ട് പ്രകാരം രൂപീകൃതമാകുന്ന പദ്ധതി അനുസരിച്ച് പെൻഷൻ അടക്കമുള്ള ആനുകൂല്യങ്ങൾ ക്ഷേമനിധി അംഗങ്ങളായ സാംസ്കാരിക പ്രവർത്തകർക്ക് വിതരണം ചെയ്യുന്നതിനാണ് ഈ തുക വിനിയോഗിക്കുന്നത്. |
| (ഡി) നാദാപുരം മണ്ഡലത്തിലെ അവശത അനുഭവിക്കുന്ന കലാകാരൻമാരുടെ പേരും അഡ്രസ്സും പഞ്ചായത്ത് തിരിച്ച് കണക്ക് ലഭ്യമാക്കുമോ ? | ഡി) അവശത അനുഭവിക്കുന്ന കലാകാരൻമാരുടെ വിശദാംശങ്ങൾ സാംസ്കാരിക വകുപ്പ് ശേഖരിച്ചിട്ടില്ല. |

Padmanp

സെക്ഷൻ ഓഫീസർ